(1)	(2)	(3)	(4)	(5)
4.	കോട്ടയം	3829.78	90.67	17030.00
5.	ആലപ്പുഴ	1884.60	300.29	6840.00
6.	ഇടുക്കി	2595.53	1.87	6668.00
7.	എറണാകുളം	4423.18	1148.27	13862.00
8.	തൃശ്ശൂർ	4128.99	-	5994.00
9.	പാലക്കാട്	1938.66	-	7176.00
10.	മലപ്പുറം/മഞ്ചേരി	2483.06	13.00	21567.00
11.	കോഴിക്കോട്	3976.85	512.91	10104.00
12.	തലശ്ശേരി/കണ്ണൂർ	2238.05	526.54	12155.00
13.	വയനാട്	1296.72	23.77	4411.00
14.	കാസർഗോഡ്	1335.02	-	5878.00
	ആകെ	43123.99 (431 കോടി)	3423.20 (34 കോടി)	131947.00 (1319.47 കോടി)

വണ്ണാത്തിക്കടവ് പാലം

327 (1361) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ വണ്ണാത്തിക്കടവ് പാലം പുതുക്കി പണിയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; പാലത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ വണ്ണാത്തിക്കടവ് പാലം പുതുക്കിപ്പണിയുന്നതിന് മുന്നോടിയായുള്ള വിശദമായ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ഡിസൈൻ പൂർത്തിയായിക്കഴിഞ്ഞാൽ മാത്രമേ പണിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ.

നടപ്പിലാക്കാൻ കഴിയാതിരുന്ന പദ്ധതികൾ

328 (1362) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷമുള്ള ബഡ്ജറ്റ് പ്രസംഗങ്ങളിൽ മരാമത്ത് വകുപ്പിനുകീഴിൽ പ്രഖ്യാപിക്കപ്പെട്ട ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ കഴിയാതിരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനുള്ള കാരണങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരമേറ്റശേഷമുള്ള ബഡ്ജറ്റ് പ്രസംഗങ്ങളിൽ മരാമത്ത് വകുപ്പിനുകീഴിൽ പ്രഖ്യാപിക്കപ്പെട്ടതും നടപ്പിലാക്കാൻ കഴിയാതെവന്നതുൾപ്പെടെയുള്ള വിവിധ പദ്ധതികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ കെട്ടിട വിഭാഗം, ദേശീയപാത വിഭാഗം എന്നിവ തിരിച്ച് അനുബന്ധം 1-ഉം 2-ഉം ആയി ചേർത്തിരിക്കുന്നു. നിരത്ത് വിഭാഗവുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ചു നൽകുന്നതാണ്.

തുക്കടാരിപ്പൊയിൽ-ഇടുമ്പ-കണ്ണവം റോഡു നിർമ്മാണം

329 (1363) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ തുക്കടാരിപ്പൊയിൽ ഇടുമ്പ-കണ്ണവം റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയിലുള്ള കേസ്സ് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) സുപ്രീംകോടതി നിർദ്ദേശപ്രകാരം നിലവിലെ കരാറുകാരൻ ചെയ്ത തീർത്ത പ്രവൃത്തിയുടെ കണക്കെടുപ്പ് നടത്തുകയുണ്ടായോ ;

(സി) എങ്കിൽ ഗതാഗതയോഗ്യമല്ലാതായിരിക്കുന്ന പ്രസ്തുത റോഡിന്റെ അടിയന്തര അറ്റകുറ്റപ്പണികൾക്ക് അനുമതി നൽകുവാനും ഫണ്ട് ലഭ്യമാക്കുവാനും നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly